**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 381** **27-06-2022 - ൽ മറുപടിയ്ക്ക്**

**ലഹരി വസ്തുക്കളുടെ ഉപയോഗം തടയൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | വിദ്യാർത്ഥികളിലും യുവാക്കളിലും കണ്ടുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി കൈക്കൊണ്ടുവരുന്ന പരിപാടികൾ വിശദമാക്കാമോ; | (എ) | വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും ഇടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനം വഴി ഇവയുടെ ലഭ്യത കുറയ്ക്കുകയും ബോധവൽക്കരണത്തിലൂടെ ലഹരി വസ്തുക്കളുടെ ആവശ്യകത ഇല്ലാതാക്കുകയും ചെയ്യുന്ന ദ്വിമുഖ പ്രവർത്തനമാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.<br><br>ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം കുട്ടികൾക്കും യുവാക്കൾക്കും പകർന്ന് നൽകി ലഹരിയിൽ നിന്നും സ്വയം സംരക്ഷണം തീർക്കുന്ന അവസ്ഥ വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചും അല്ലാതെയും നടത്തി വരുന്നു. ഇതിനായി വിദ്യാലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. ഈ ക്ലബ്ബുകൾ വഴി വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് വരുന്നു.<br><br>വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും കായിക ലഹരി വളർത്തുന്നതിനുമായി “ഉണർവ്” എന്ന പേരിൽ കായിക പരിശീലന പദ്ധതി നടപ്പിലാക്കി വരുന്നു. വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസ്സുകളിൽ 'നേർക്കൂട്ടം' എന്ന പേരിൽ ഒരു കമ്മിറ്റിയും, കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിൽ ഒരു കമ്മിറ്റിയും രൂപീകരിച്ച് വരുന്നു. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് തലം മുതൽ സാമൂഹിക-സാംസ്കാരിക പ്രവർത്തകർ, കുടുംബശ്രീ അംഗങ്ങൾ, അംഗൻവാടി, ആശാപ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് സമൂഹത്തിലെ മയക്കുമരുന്ന് ഉപയോഗം |

| | | | |
|---|---|---|---|
| | | | തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി സ്കൂൾ പരിസരങ്ങളിലും മറ്റിടങ്ങളിലും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നടത്തി വരുന്നു. |
| (ബി) | ലഹരി വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കാൻ എത്രത്തോളം സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെയും ലഹരി വസ്തുക്കളുടെ ഉപയോഗവും വ്യാപനവും നിയന്ത്രിക്കുവാൻ ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്. ലഹരി വസ്തുക്കൾ ഉപയോഗിക്കാത്തവർ ലഹരിയിലേക്ക് വഴുതി വീഴാതിരിക്കുവാനുള്ള ബോധവൽക്കരണം നൽകിയും ലഹരിക്കടിമപ്പെട്ടവർക്ക് ആവശ്യമായ ചികിത്സയും കൗൺസലിംഗും നൽകിയും ലഹരിവസ്തുക്കളുടെ ഉപയോഗം കുറച്ച് കൊണ്ടുവരുന്നുണ്ട്. |
| (സി) | ലഹരിവസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി സ്കൂൾ തലത്തിൽ നടത്തിവരുന്ന ബോധവൽക്കരണ പരിപാടികൾ വിശദമാക്കാമോ? | (സി) | സ്കൂൾ/കോളേജ് തലങ്ങളിലെ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സ്കൂൾ തലത്തിലും കോളേജ് തലത്തിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് നിരവധി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. അധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിലെ തിരിച്ചറിഞ്ഞ് അവർക്ക് കൗൺസലിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം കുട്ടികൾക്ക് നൽകി ലഹരിയിൽ നിന്നും സ്വയം സംരക്ഷണം തീർക്കുന്നതിനുള്ള കഴിവ് വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും കായിക ലഹരി വളർത്തുന്നതിനുമായി സ്കൂളുകളിൽ ‘‘ഉണർവ്’’ എന്ന പേരിൽ കായിക പരിശീലന പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ